(T

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1691

11-02-2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പാടശേഖരത്തിലെ തോട് നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ കുനിയിൽ താഴെ പാടശേഖരത്തിൽപ്പെട്ട 60 ഏക്കർ നെൽവയലിലെ ജലനിയന്ത്രണം മെച്ചപ്പെടുത്തി ഇവിടെ മൂന്ന് വിള നെൽകൃഷി നടപ്പാക്കുന്നതിന് പാടശേഖര മധ്യത്തിലൂടെ ഒരു തോട് നിർമ്മിക്കുന്നതിന് പ്രസ്തുത പാടശേഖരം സന്ദർശിച്ചപ്പോൾ കൃഷി വകുപ്പ് മന്ത്രി കൃഷി വകുപ്പ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ;<br>(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി അറയിക്കുമോ;<br>(സി) ഇതിനുവേണ്ടി തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റിന്റെയും സാങ്കേതിക അനുമതിയുടേയും പകർപ്പ് ലഭ്യമാക്കാമോ ;<br>(ഡി) പ്രവത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്? | (എ) യും (ബി) യും (സി) യും (ഡി) യും | പ്രസ്തുത പദ്ധതി ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തുന്നതിനായി ഉചിതമായ സമയത്ത് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ